## കണ്ടത് പറഞ്ഞാൽ...

**ഡേവിസ് വളർക്കാവ്** എഴുതുന്ന പംക്തി

# ഞാൻ കമ്മ്യൂണിസ്റ്റല്ല

**ഞാൻ** കമ്മ്യൂണിസ്റ്റല്ല - എന്ന പേരിൽ ഒരു പുസ്തകം ഭൂമി മലയാളത്തിലില്ല. കമ്മ്യൂണിസ്റ്റ് ആയി അല്ലാതായവരും അനേകമുണ്ടുതാനും. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം തെരഞ്ഞെടുപ്പിലൂടെ ആദ്യമായി അധികാരത്തിൽ വന്ന സംസ്ഥാനമായിട്ടും അതിനെ രണ്ട് വർഷത്തിനുള്ളിൽ അധികാരഭ്രഷ്ടരാക്കാനുള്ള ശക്തികളും ഇവിടെത്തന്നെയുണ്ടായി. ഈ ദ്വന്ദയുദ്ധത്തിൽ കുറേപ്പേരെങ്കിലും കമ്മ്യൂണിസത്തെ തള്ളിപ്പറഞ്ഞിട്ടുണ്ട്. എഴുത്തുകാരും ചിന്തകരും ഓരോ പക്ഷത്തും ശക്തമായി നിലകൊണ്ടിട്ടുമുണ്ട്. എന്നിട്ടും ഒരു ഗ്രന്ഥം ഇക്കാര്യത്തിൽ ഉണ്ടായില്ല.

കോൺഗ്രസ് സോഷ്യലിസ്റ്റുകളിൽ നിന്നാണ് ഇവിടെ കമ്മ്യൂണിസ്റ്റുകൾ പിറവി കൊള്ളുന്നത്. സോഷ്യലിസ്റ്റുകളാണ് പ്രധാന കമ്മ്യൂണിസ്റ്റ് വിമർശകർ. അവർക്കതിന് അർഹതയുമുണ്ട്. ആദ്യകാല കമ്മ്യൂണിസ്റ്റുകൾ പലരും പിന്നീട് പ്രസ്ഥാനം വിട്ടിട്ടുണ്ട്. അവർ പക്ഷെ അധികവും സംഘടനരൂപത്തെ മാത്രമേ തള്ളിപ്പറഞ്ഞിട്ടുള്ളൂ.

പുതിയ തലമുറയിൽപ്പെടുന്ന കമ്മ്യൂണിസ്റ്റുകൾക്ക് നല്ല കമ്മ്യൂണിസ്റ്റാകാനും കമ്മ്യൂണിസത്തിന്റെ മൊത്തം പരിമിതിയും ഒപ്പം കാലിക പരിമിതിയും തിരിച്ചറിയാനെങ്കിലും 'ഞാൻ കമ്മ്യൂണിസ്റ്റല്ല' എന്ന ഗ്രന്ഥത്തിന് കഴിയും. കമ്മ്യൂണിസ്റ്റ് വിരുദ്ധരുടെ പക്ഷത്തു നിന്നുപോലും ഇത്തരം ഒരു ഗ്രന്ഥം ഇക്കാര്യത്തിൽ പ്രയോജനകരമാകും, സംവാദത്തിനായെങ്കിലും. എന്നാൽ അത് കേരളത്തിൽ സംഭവിക്കുന്നില്ല.

സാധാരണയായി ബുദ്ധിജീവികളും എഴുത്തുകാരുമാണ് ഇത്തരം ഇടങ്ങൾ സമചിത്തതയോടെ പൂരിപ്പിക്കുക. പക്ഷെ പലരും കമ്മ്യൂണിസ്റ്റ് സ്വാധീന കുഴലൂത്തുകാരും ഗുണഭോക്താക്കളുമാണ്. ചില സൗകര്യങ്ങൾ ഈ വിഭാഗങ്ങൾ അനർഹമായി ആസ്വദിക്കുന്നതായും കാണാം.

കമ്മ്യൂണിസ്റ്റുകളായിരുന്ന വിമത ശബ്ദങ്ങളാണ് ഈ ഗ്രന്ഥത്തിന് സദാ യോഗ്യരായവർ. അവർ നിരാശയിലാണ്. 'നേതി നേതി' എന്നതിനപ്പുറം 'ഇതാണ് ഇതാണ്' എന്നു പറയാനുള്ള ക്രിയാധൈര്യം ഇല്ലാത്തവർ. മോഹഭംഗങ്ങളിലാണ് ഇവർ പാർത്തുവരുന്നത് എന്നതാണ് ഇവരുടെ പ്രശ്നം. നക്സലൈറ്റുകളും മാവോയിസ്റ്റുകളും ഇക്കൂട്ടത്തിൽ കാണാം. രംഗത്തുള്ള ഇതര വിഭാഗങ്ങളാകട്ടെ കമ്മ്യൂണിസത്തിന്റെ പരിമിതിയെ പരിഗണിക്കാതെ കാലികമായ വ്യാഖ്യാനങ്ങൾ നൽകി, തിരുത്തി, പ്രത്യയശാസ്ത്രത്തെ വികസിപ്പിക്കുന്നതിനുള്ള ഭഗീരഥപ്രയത്നത്തിലാണ്. "കേരളത്തെ, ഇന്ത്യയെ സവിശേഷതകളെ മനസ്സിലാക്കുന്നതിൽ തെറ്റുപറ്റി" എന്ന കുമ്പസാരത്തിനപ്പുറം പലർക്കും ഒന്നും ചെയ്യാനാകുന്നില്ല. നാടിനെ മനസ്സിലാക്കുന്നതിനുള്ള ശ്രമമല്ല ഇനി വേണ്ടത്. 'അപ്രസക്തമാണല്ലേ' എന്ന നിലയിൽ ചിന്തിക്കാൻ പ്രത്യശാസ്ത്ര ശാഠ്യങ്ങൾ കാരണം ഇവർക്കാകുന്നുമില്ല.

കരുത്തുറ്റ പ്രത്യയശാസ്ത്രം കരഗതമായിട്ടും ക്ഷയം സംഭവിക്കുന്നെങ്കിൽ അതിന്റെ പരിമിതി വിശകലനം ചെയ്യേണ്ടേ? മുതലാളിത്തത്തെ വിമർശിക്കാനാണ് പ്രത്യയശാസ്ത്രം എന്ന സംബോധന വരുന്നത്. നെഗറ്റീവായി വരുന്നതാണ് ഇത്. അതിനെയാണ് പ്രത്യയശാസ്ത്ര മഹത്വമായി അവതരിപ്പിക്കപ്പെട്ടത്. ബൂർഷ്വാ പ്രത്യയശാസ്ത്രം എന്നതിന് പകരം കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം എന്ന നിലയിൽ സ്വീകരിക്കപ്പെടുകയായിരുന്നു ഇവിടെ സംഭവിച്ചത്. മ്ലേച്ഛമായത് മേന്മയാക്കി.

മാർക്സിസത്തിന്റെ ഒരു ഭാഗമായി മാറിയ കമ്മ്യൂണിസം ഒരു സ്വപ്നവും ദർശനവുമാണ്. എല്ലാ ഉട്ടോപ്യകളെപ്പോലെ തന്നെ ഒന്ന്. അത് ഒരിക്കലും ലോകത്ത് ആവിഷ്കരിക്കപ്പെട്ടിട്ടില്ല. എന്നാൽ ആ പേരിൽ പലരും അവതരിച്ചിട്ടുമുണ്ട്. ദർശനത്തെ പ്രത്യയശാസ്ത്രമാക്കി മാറ്റിയതാണ് പിഴവുകളിൽ ആദ്യപടി. കമ്മ്യൂണിസം നവോത്ഥാന കാലത്ത് ഉയർന്നുവന്ന മാനവികതാവാദത്തിന്റെ മറ്റൊരു പതിപ്പാണ്. അത് മനുഷ്യനിൽ നിന്ന് അദ്ധ്വാനിക്കുന്ന മനുഷ്യരിലേക്ക്, ചൂഷണം ചെയ്യപ്പെടുന്ന മനുഷ്യരിലേക്ക് കൈ നീട്ടുന്നു എന്ന ആദരവുണ്ട് എന്നു മാത്രം. മൊത്തത്തിൽ മനുഷ്യമാത്രവാദം തന്നെയാണിതും. മനുഷ്യേതര ജീവജാതികളോട്, പരിസ്ഥിതിയോട് ഇത് ഉദാരമല്ലതന്നെ. ഉദ്ധരണികളാൽ ഓട്ടയടക്കാനുള്ള പാഴ് ശ്രമങ്ങൾ നടക്കുന്നുണ്ട്. പ്രവൃത്തി ശൂന്യം!

ഫ്രഞ്ച് വിപ്ലവത്തിന് ശേഷം രൂപംകൊണ്ട 'നീതിമാന്മാരുടെ സംഘത്തിന്' വേണ്ടിയാണ് മാർക്സ് കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ തയ്യാറാക്കിയത്. കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് വേണ്ടിയല്ല. അത് പലരും കുടുംബസ്വത്താക്കി എന്നു മാത്രം. അത് ഏവർക്കും ത്യാജ്യഗ്രാഹ്യ വിചാരത്തിനും പുതിയ സാമൂഹ്യ രചനയ്ക്കും പ്രയോജനപ്പെടുത്താവുന്നതാണ്.

കമ്മ്യൂണിസ്റ്റ് വിമർശനത്തിന്റെ ശ്രദ്ധേയമായ വിഭാഗം ലോകമെമ്പാടുമുള്ള സോഷ്യലിസ്റ്റുകളാണെന്നുകണ്ടു. ഇന്ത്യയിലും അതുതന്നെ. സമീപകാലത്ത് സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങളുടെ ബലക്ഷയം മൂലം വിമർശനപടുത്വം കുറഞ്ഞുപോയെന്നേയുള്ളൂ. പലപ്പോഴും കമ്മ്യൂണിസ്റ്റുകളുടെ സഹയാത്രികരായ ഇവർ നടത്തുന്ന വിമർശനങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. മറ്റൊരു വിഭാഗം ഗാന്ധിയന്മാരാണ്. ഗാന്ധിതന്നെ കമ്മ്യൂണിസത്തെക്കുറിച്ച് വിമർശനാത്മകമായി എഴുതിയിട്ടുണ്ട്. അതിന്റെ യാന്ത്രിക വിമർശനമാണ് ഇവരിൽ നിന്നും വരുന്നത്. ഗാന്ധിയിൽ നിന്നും കുറേക്കൂടി മുന്നോട്ടുപോകാൻ സ്വതന്ത്രഭാരതത്തിലെ ഗാന്ധിയന്മാർക്കാകണം. ഈ രണ്ട് വിഭാഗത്തിന്റെ വിമർശനശരമേറ്റ് ആത്മപരിശോധന നടത്താനാണ് കമ്മ്യൂണിസ്റ്റുകൾ സ്വയം തയ്യാറാകേണ്ടത്. അതാണ് നിലനിൽക്കുന്നത്. അല്ലാതെ തങ്ങൾ പഠിച്ച-പഠിപ്പിച്ച തത്വശാസ്ത്രത്തിന്റെ കൂടെ ചിലത് ചേർക്കുന്നു എന്നതരം പരിഷ്കരണമാണ് ഇന്ന് കണ്ടുവരുന്നത്. അത് അതിലുള്ളവരെ മാത്രം തൃപ്തിപ്പെടുത്തുന്ന കച്ചിത്തുമ്പാണ്. അതിജീവന തന്ത്രം!

കമ്മ്യൂണിസ്റ്റ് ആശയത്തിന്റെ ഇക്കാലത്തെ പരിമിതി, പാർട്ടികളുടെ പ്രശ്നങ്ങൾ, വർഗ്ഗവിശകലനം, വർഗ്ഗസമരം, ബലപ്രയോഗം, സായുധ വിപ്ലവം, അധികാര കേന്ദ്രീകൃതത്വം, ഇതര വർഗ്ഗങ്ങളുമായുള്ള നിലപാട്, വ്യവസ്ഥിതി എന്ന നിലയിൽ കമ്മ്യൂണിസ്റ്റ് സാദ്ധ്യതകൾ, കമ്മ്യൂണിസ്റ്റ് സാഹിത്യം, പാർട്ടിയുടെ ഭരണാധികാരം, ഉൾപ്പാർട്ടി സമരങ്ങൾ, കമ്മ്യൂണിസ്റ്റ് ജീവിതവീക്ഷണം, തത്വശാസ്ത്രം, സഖി-സഖാ ബന്ധം, സ്വകാര്യസ്വത്ത്, മനുഷ്യസ്വഭാവം, ബൂർഷ്വാ സ്വാധീനം, വൈദേശിക സ്വാധീനം, തിയോക്രാറ്റിക് ഫ്യൂഡലിസത്തിന്റെ സവിശേഷത, നേതൃത്വത്തിന്റെ ഇതരവർഗ്ഗ സ്വാധീനം, ആസക്തികളിൽ നിന്നുള്ള വിടുതൽ ഇത്യാദി വിലയിരുത്തലുകൾ ഉണ്ടാകേണ്ടതുണ്ട്. അല്ലാത്ത പക്ഷം കമ്മ്യൂണിസവും കൺസ്യൂമറിസവും കമ്മ്യൂണലിസവും തിരിച്ചറിയാനാകാത്ത ഗതികേടിൽ പുതിയ തലമുറ പെട്ടുപോകാനിടയുണ്ട്. വിമർശകരെ വിരുദ്ധർ എന്ന് വിളിച്ചുപറഞ്ഞ് ഇനിയും എത്രകാലം കഴിയാനാണ് ഇവർ ഉദ്ദേശിക്കുന്നത്. ആർക്കറിയാം! ■